# ഓസ്‌ട്രേലിയൻ പ്രധാനമന്ത്രിയുമായി ഇന്ത്യൻ പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

മെയ് 24, 2023

1. പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2023 മെയ് 24-ന് ഓസ്‌ട്രേലിയയിലെ സിഡ്നിയിലുള്ള അഡ്മിറൽറ്റി ഹൗസിൽ വെച്ച് ഓസ്‌ട്രേലിയൻ പ്രധാനമന്ത്രി ശ്രീ ആന്റണി അൽബാനീസുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി.

2. അഡ്മിറൽറ്റി ഹൗസിൽ എത്തിയ പ്രധാനമന്ത്രിക്ക് ആചാരപരമായ സ്വാഗതവും ഗാർഡ് ഓഫ് ഓണറും നൽകി.

3. 2023 മാർച്ചിൽ ന്യൂഡൽഹിയിൽ നടന്ന തങ്ങളുടെ ഫലദായിയായ ഒന്നാം വാർഷിക നേതാക്കളുടെ ഉച്ചകോടി ഇരു നേതാക്കളും അനുസ്മരിക്കുകയും ബഹുമുഖങ്ങളുള്ള ഇന്ത്യ-ഓസ്‌ട്രേലിയ സമഗ്ര തന്ത്രപരമായ പങ്കാളിത്തം കൂടുതൽ വിശാലമാക്കാനും ആഴത്തിലാക്കാനുമുള്ള തങ്ങളുടെ പ്രതിബദ്ധത വീണ്ടും ഉറപ്പിക്കുകയും ചെയ്തു.

4. പ്രതിരോധം, സുരക്ഷ, വ്യാപാരം, നിക്ഷേപം, പുതിയതും പുനരുപയോഗിക്കാവുന്നതുമായ ഊർജം, ഹരിത ഹൈഡ്രജൻ, നിർണായക ധാതുക്കൾ, വിദ്യാഭ്യാസം, കുടിയേറ്റം, സഞ്ചാരം, ജനങ്ങളുമായുള്ള ബന്ധം എന്നിവയിൽ സഹകരണം തുടങ്ങിയവ ചർച്ച ചെയ്തു.

5. ഇന്ത്യ-ഓസ്‌ട്രേലിയ മൈഗ്രേഷൻ ആൻഡ് മൊബിലിറ്റി പാർട്ണർഷിപ്പ് അറേഞ്ച്മെന്റ് (എം.എം.പി.എ.) ഒപ്പുവെച്ചതിനെ ഇരു നേതാക്കളും സ്വാഗതം ചെയ്തു. ഇത് ഇന്ത്യയ്ക്കായി പ്രത്യേകം സൃഷ്ടിച്ച മേറ്റ്സ് (മൊബിലിറ്റി അറേഞ്ച്മെന്റ് ഫോർ ടാലന്റഡ് ഏർലി പ്രൊഫഷണൽസ് സ്കീം) എന്ന പുതിയ നൈപുണ്യ പാതയിലൂടെ വിദ്യാർത്ഥികൾ, പ്രൊഫഷണലുകൾ, ഗവേഷകർ, അക്കാദമിക് വിദഗ്ധർ എന്നിവരുടെയും മറ്റുള്ളവരുടെയും സഞ്ചാരം കൂടുതൽ സുഗമമാക്കും.

6. ഇന്ത്യ-ഓസ്‌ട്രേലിയ ഹൈഡ്രജൻ ടാസ്ക് ഫോഴ്സിന്റെ ടേംസ് ഓഫ് റഫറൻസ് അന്തിമമാക്കിയതിനെ അവർ സ്വാഗതം ചെയ്തു, ഇത് ഹൈഡ്രജൻ ഇലക്ട്രോലൈസറുകൾ, ഇന്ധന സെല്ലുകൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ശുദ്ധമായ ഹൈഡ്രജന്റെ

നിർമ്മാണവും വിന്യാസവും ത്വരിതപ്പെടുത്തുന്നതിനുള്ള അവസരങ്ങളെക്കുറിച്ച് വിശദീകരിക്കും.

7. ബ്രിസ്ബേനിൽ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ സ്ഥാപിക്കുന്നതിന് ഓസ്ട്രേലിയ നൽകിയ പിന്തുണയ്ക്ക് പ്രധാനമന്ത്രി മോദി നന്ദി പറഞ്ഞു.

8. നിയമാധിഷ്ഠിത അന്താരാഷ്ട്ര ക്രമത്തിന് അടിവരയിടുന്ന സമാധാനപരവും സമൃദ്ധവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഇന്തോ-പസഫിക് മേഖല ഉറപ്പാക്കാനുള്ള തങ്ങളുടെ ദൃഢനിശ്ചയം രണ്ട് നേതാക്കളും ആവർത്തിച്ചു. യു.എൻ. സെക്യൂരിറ്റി കൗൺസിലിന്റെ പരിഷ്കരണവും ഇരുവരും ചർച്ച ചെയ്തു.

7. ഇന്ത്യയുടെ ജി-20 അധ്യക്ഷതയ്ക്കും ഓസ്ട്രേലിയയുടെ ശക്തമായ പിന്തുണ പ്രധാനമന്ത്രി അൽബനീസ് അറിയിച്ചു. 2023 സെപ്റ്റംബറിൽ ന്യൂഡൽഹിയിൽ നടക്കുന്ന ജി-20 ഉച്ചകോടിയിലേക്ക് പ്രധാനമന്ത്രി അൽബാനീസിനെ സ്വാഗതം ചെയ്തു.

**സിഡ്നി**
**മെയ് 24, 2023**